# ലോകവ്യാപാര സംഘടനയുടെ ഇടപെടൽ

സി.ആർ.നീലകണ്ഠൻ

ദോഹാ പ്രഖ്യാപനത്തിലെ 6-ാം ഖണ്ഡിക ഏറെ പ്രസിദ്ധമാണ്. മൂന്നാം ലോകരാജ്യങ്ങളുടെ വിജയമായാണ് അത് വിലയിരുത്തപ്പെട്ടത്. ബൗദ്ധിക സ്വത്തവകാശനിയമം (ട്രിപ്സ്) അനുസരിച്ചുള്ള നിയന്ത്രണങ്ങൾ മൂലം ദരിദ്രരാജ്യങ്ങൾക്ക് അവശ്യമരുന്നുകൾ കിട്ടാൻ ബുദ്ധിമുട്ടുണ്ടാകുന്നത് ഒഴിവാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായാൻ തീരുമാനിച്ചതാണ് ഈ ഖണ്ഡിക. പക്ഷെ, ഇതിനെ സ്വാഗതം ചെയ്തത് ബഹുരാഷ്ട്ര കോർപറേറ്റുകളാണ്. ഇതു വെറുമൊരു പുറംമോടിയാണെന്നാണ് മൂന്നാം ലോകത്തിലെ വിദഗ്ദ്ധർപറയുന്നത്.

ഒരു മരുന്നിന്റെ പേറ്റന്റ് ഉടമയുടെ സമ്മതമില്ലാതെ ആ മരുന്ന് നിർമ്മിക്കുകയോ വിൽക്കുകയോ വിൽക്കാമെന്ന് വാഗ്ദാനം ചെയ്യുകയോ ഇറക്കുമതിചെയ്യുകയോ പാടില്ലെന്നാണ് ട്രിപ്സിന്റെ 28-ാം വകുപ്പ് പറയുന്നത്. സ്വന്തം പേറ്റന്റവകാശം മറ്റൊരാൾക്ക് കൈമാറാൻ ഉടമക്ക് പൂർണ്ണമായ അധികാരമുണ്ട്. ദേശീയ നിയമങ്ങൾ തടസ്സപ്പെടുത്തുന്നില്ലെങ്കിൽ മറ്റൊരാൾക്കും ഈ മരുന്നുൽപാദനത്തിനുള്ള അവകാശം കൈമാറാതിരിക്കാം. 28-ാം വകുപ്പിന്റെ നിയന്ത്രണങ്ങളെ നിർവീര്യമാക്കാൻ ദേശീയ നിയമങ്ങൾക്കുകഴിയും. പേറ്റന്റുടമയുടെ താൽപര്യം സംരക്ഷിക്കുകയാണ് പ്രധാനമെന്നുള്ള പുതിയ "അവബോധ"ത്തിന്റെ പശ്ചാത്തലത്തിൽ "പൊതുജനതാൽപര്യം" പരിഗണനാർഹമാകുന്നില്ല. സ്വന്തം പേറ്റന്റവകാശം ദുരുപയോഗം ചെയ്താലും ഇതു മാറ്റാൻ നിർബന്ധിത ലൈസൻസിങ്ങ് വഴി സർക്കാരിനുകഴിയും. കുത്തക അവകാശം തകർക്കാനും വില നിയന്ത്രിക്കാനും വേണ്ടിയാണിതു പ്രയോഗിക്കുന്നത്. 'പൊതുജനതാൽപര്യം' സംരക്ഷിക്കാൻ വേണ്ടി മറ്റൊരുമാർഗവുമില്ലെന്നു വരുമ്പോൾ മാത്രമേ 'നിർബന്ധിത ലൈസൻസ്' പ്രയോഗിക്കാവൂ. ഉദാഹരണത്തിന്, ഉയർന്ന പകരം സാങ്കേതികവിദ്യകളിറക്കുമതി ചെയ്തുകൊണ്ട് മത്സരം സൃഷ്ടിക്കാനും വിലകുറയ്ക്കാനും കഴിയുമെങ്കിൽ സർക്കാർ സ്വീകരിക്കേണ്ട മാർഗ്ഗം അതാണ്. ട്രിപ്സ് അനുസരിച്ചുതന്നെ ഇലക്ട്രോണിക്സ് വ്യവസായത്തിനാവശ്യമായ അർദ്ധചാലക(സെമികണ്ടക്ടർ)ങ്ങളുടെ കാര്യത്തിലൊഴിച്ചെവിടെയും 'നിർബന്ധിത ലൈസൻസിങ്' ചെയ്യാൻ തദ്ദേശീയ സർക്കാരുകൾക്കാകും.

കുത്തകകളെ പരാജയപ്പെടുത്തിക്കൊണ്ട് സ്വന്തം രാജ്യത്തെമറ്റു സ്ഥാപനങ്ങൾക്ക് (പേറ്റന്റുടമകളുടെ സമ്മതമില്ലാതെ) നിർമ്മാണ ലൈസൻസ് നൽകുന്ന പദ്ധതിയാണ് 'നിർബന്ധിത ലൈസൻസ്.' ഇത് എല്ലാ ദരിദ്രരാഷ്ട്രങ്ങൾക്കും ഗുണകരമല്ല. ഈ ലൈസൻസ് ലഭിച്ചാൽതന്നെ മരുന്നുണ്ടാക്കാനുള്ള സാങ്കേതിക സാമ്പത്തിക ശേഷിയുള്ള പകരം സ്ഥാപനങ്ങൾ അന്നാട്ടിലുണ്ടെങ്കിൽ മാത്രമേ ഇതു വിജയം കാണൂ. മിക്ക ആഫ്രിക്കൻ രാജ്യങ്ങൾക്കും ഈ ശേഷിയില്ല. ഇന്ത്യ, ബ്രസീൽ തുടങ്ങിയ അപൂർവ്വം രാജ്യങ്ങൾക്കേ ഇതു കഴിയൂ. ഈ ശേഷി ഉപയോഗിക്കണമെന്നില്ല. ഉപയോഗിക്കുമെന്ന ഭീഷണിവഴിതന്നെ കുത്തകകൾ വഴിക്കുവരുമെന്ന് ബ്രസീലിലെ അനുഭവം വ്യക്തമാക്കുന്നു. എയ്ഡ്സ് രോഗത്തിനുള്ള മരുന്നുകളുടെ കാര്യത്തിലാണിതുണ്ടായത്. ബ്രസീലിന്റെ ഈ ശേഷി വഴി മറ്റു രാജ്യങ്ങൾക്കും ഗുണകരമാകണമെങ്കിൽ അവർ ബ്രസീലിൽ നിന്നും മരുന്നുകൾ ഇറക്കുമതിചെയ്യണം. പക്ഷെ, ഇതിന് തടസ്സമാകുന്നതാണ് ട്രിപ്സിലെ 31 (എഫ്) വകുപ്പ് "പ്രധാനമായും തദ്ദേശീയ കമ്പോളത്തിലെ ആവശ്യങ്ങൾക്കുവേണ്ടി"യാകണം നിർബന്ധിത ലൈസൻസിങ് എന്ന് ഈ വകുപ്പു പറയുന്നു. വളരെ സൗഹൃദത്തിലുള്ള രാജ്യത്തുനിന്നുപോലും അവശ്യമരുന്നുകൾ വാങ്ങുന്നതിനെ ഇതുതടയുന്നു. ആഫ്രിക്കൻ രാജ്യങ്ങളിൽ എയ്ഡ്സും ഹെപ്പാറ്റിറ്റിസും വ്യാപകമായപ്പോൾ ഇത് ഗുരുതരമായ ഒരു പ്രശ്നമായി. ആ രാജ്യങ്ങളിൽ ഈ രോഗത്തിനുള്ള മരുന്നുകളുടെ പേറ്റന്റ് ഉള്ളവർ ഉണ്ടായാലും കാര്യമില്ല. തങ്ങൾക്കുലാഭകരമാകുന്ന അളവിൽ ഉൽപാദനം നടത്തി വിൽക്കാൻ കഴിയില്ലെങ്കിൽ അവർ ആ പേറ്റന്റ് ഉപയോഗിക്കില്ല. മരുന്ന് ആവശ്യമില്ലാത്തതോ അതു വാങ്ങാൻ ജനങ്ങൾക്ക് ശേഷിയില്ലാത്തതോ പ്രശ്നമാകാം. ഇതിനു പരിഹാരം കാണണമെന്നാണ് ദോഹപ്രഖ്യാപനത്തിലെ ആറാം ഖണ്ഡിക പറയുന്നത്.

ഈ പ്രക്രിയകളിൽ ഒട്ടേറെ വിരോധാഭാസങ്ങളുണ്ട്. സ്വന്തം ഉൽപാദന ശേഷിയില്ലാത്ത ഒരു രാഷ്ട്രം മറ്റൊരു രാജ്യത്തിനോട് അപേക്ഷിക്കണം. അവർ സ്വന്തം രാജ്യത്ത് (പേറ്റന്റ് നിയമങ്ങൾ മറി കടന്നുകൊണ്ട്) നിർബന്ധിതലൈസൻസിങ് നടപ്പിലാക്കണം. അവിടെ ഒരു സ്ഥാപനം ഈ മരുന്നുണ്ടാക്കി കയറ്റുമതി ചെയ്യാൻ തയ്യാറാകണം. നിർമ്മിക്കുന്ന രാജ്യത്തിന് ഒട്ടേറെ കടമ്പകൾ കടക്കണം. ആദ്യം അവർ 'ട്രിപ്സ് സമിതിയെ' അറിയിക്കണം. നിർബന്ധിത ലൈസൻസിങ്ങിനുള്ള എല്ലാ നിബന്ധനകളും ആ രാജ്യം പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. ഒരു അടിയന്തിര ഘട്ടം നേരിടാൻ ഇത്രയധികം കടമ്പകൾ സഹായകരമാവില്ലല്ലോ. ട്രിപ്സ് കൗൺസിലും അതിന്റെ അദ്ധ്യക്ഷനും ലോകവ്യാപാര സംഘടനയുടെ സെക്രട്ടേറിയറ്റും നിർബന്ധിത ലൈസൻസിങ്ങ് നടപ്പിലാക്കിയ രാജ്യത്തെ ഉൽപാദന പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചുകൊണ്ടിരിക്കും ഫലത്തിൽ ഇത് പുതിയ രീതിയിലുള്ള 'സംരക്ഷണവ്യവസ്ഥ' തന്നെയാണുണ്ടാക്കുന്നത്. മൂന്നാംലോകത്തിലുണ്ടാക്കുന്ന മരുന്നുകൾ തങ്ങളുടെ രാജ്യത്തിലേക്കു വരുന്നതിനെ അമേരിക്ക, യൂറോപ്യൻ യൂണിയൻ രാജ്യങ്ങൾ, കാനഡ, ആസ്ത്രേലിയ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങൾ തടയുന്നുമുണ്ട്. ഇത്തരത്തിലുണ്ടാക്കുന്നമരുന്നുകൾക്ക് പ്രത്യേക രീതിയിലുള്ള രൂപം, നിറം, പാക്കിങ് മുതലായവ നിർബന്ധമാക്കും. മറ്റു രാജ്യങ്ങളിലേക്ക് കയറ്റുമതിചെയ്യുന്നത് തടയാനാണിത്. ഇതുവഴി മരുന്നിന്റെ വിലകൂടും. 2005 ൽ പുതിയ നയം നടപ്പാക്കുന്നതോടെ ഇപ്പോഴുള്ള ഈ സൗകര്യവും നഷ്ടമാകും. നിർബന്ധിത ലൈസൻസിലൂടെ പോലും കുറഞ്ഞവിലക്ക് മരുന്നു ലഭ്യമാക്കാൻ മൂന്നാം ലോകരാജ്യങ്ങൾക്കാകില്ല. ഇതുകൊണ്ടെല്ലാം തന്നെ ലോകവ്യാപാര സംഘടന മുന്നോട്ടുവയ്ക്കുന്ന സ്വതന്ത്രകമ്പോളം മനുഷ്യരിൽ ബഹുഭൂരിപക്ഷത്തിനും ഹാനികരമാകുന്നു.

'തണൽ', കൊച്ചി-21